LIBRARY ARCHIVES Kerala Legislative Assembly

അക്കാര്യം ഉപേക്ഷിച്ചു. അടിയന്തരമായി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണം, റിബേറ്റ് കടിശ്ശികയും തൊഴിലാളി ക്ഷേമനിധി ബോർഡിലേക്കുള്ള സർക്കാർ വിഹിതവും കൊടുക്കണം. ഖദർ വസ്ത്ര ധാരിയായ മാണിസാർ ഖാദി രംഗത്തോട് കാരുണ്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഖാദിയോട് ആഭിമുഖ്യമുള്ള ആളാണ് ഞാൻ. അതുകൊണ്ടാണ് എല്ലാക്കാലവും ഞാൻ ഖാദി വസ്ത്രങ്ങൾ ധരിക്കുന്നത്. ആ നിലയ്ക്ക് നടപ്പു സാമ്പത്തിക വർഷം ഖാദിഗ്രാമ വ്യവസായ ബോർഡിന് ചില്ലറ വിൽപ്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് ഇനത്തിൽ 7.13 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തുകയും വിഭവ ലഭ്യതയുടെ അഭാവത്തിൽ 5 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഈ 5 കോടി രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റും ചെലവ് കണക്കുകളും നൽകുന്ന മുറയ്ക്ക് ബാക്കി തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നടപ്പുസാമ്പത്തിക വർഷം ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിനുള്ള സർക്കാർ വിഹിതം 20 ലക്ഷം രൂപ നൽകിയിരുന്നു. പ്രസ്തുത തുകയുടെയും 2014-15 വർഷം അനുവദിച്ച 20 ലക്ഷം രൂപയുടെയും വിനിയോഗ സർട്ടിഫിക്കറ്റും ഏറ്റവും പുതിയ ഓഡിറ്റ് അക്കൗണ്ട്സും വരവ് ചെലവ് കണക്കുകളും ലഭ്യമാക്കുന്ന മുറയ്ക്ക് അധിക തുക ഉടൻ അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ടാക്സ് ഒഴിവാക്കുന്നത് സംബന്ധിച്ച് ഇന്ന് വൈകുന്നേരം ആലോചന നടക്കുന്നുണ്ട്. അതുകഴിഞ്ഞ് പറയാം.

11.00 AM]

9. കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം

ശ്രീ. ഇ. കെ. വിജയൻ: സർ, കഴിഞ്ഞ നാലഞ്ച് മാസത്തിനിടയ്ക്ക് വേനൽ മഴയിലും കാലവർഷ കെടുതിയിലുംപെട്ട് നാദാപുരം മണ്ഡലത്തിലെ രണ്ടുമൂന്ന് പഞ്ചായത്തുകളിൽ വ്യാപകമായി കൃഷിനാശം സംഭവിച്ചിരിക്കുകയാണ്. വാണിമേൽ, കായക്കൊടി, കാവിലുംപാറ, മരുതോങ്കര തുടങ്ങിയ പഞ്ചായത്തുകളിൽ വ്യാപകമായും മറ്റു ചില ഗ്രാമപഞ്ചായത്തുകളിലും മലയോര മണ്ഡലമായതുകൊണ്ടു തന്നെ എല്ലാ വർഷവും ഉണ്ടാകുന്നതുപോലെ ഈ വർഷവും കാലവർഷക്കെടുതിയിൽ കൃഷിക്കാർക്ക് വലിയ നഷ്ടം സംഭവിച്ചിരിക്കുകയാണ്. അവിടെയുള്ള തെങ്ങ്, വാഴ, കവുങ്ങ് തുടങ്ങിയ കൃഷികൾക്കാണ് നാശം സംഭവിച്ചിട്ടുള്ളത്. കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന പാവപ്പെട്ട ചെറുകിട കർഷകരാണ് ഏറിയ പങ്കും. വലിയ തോതിലുള്ള

നഷ്ടമാണ് അവർക്ക് ഇതുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുള്ളത്. വീടുകളുടെ നഷ്ടത്തിന് ചെറിയ സാമ്പത്തിക സഹായം ഇതിനകം ലഭിച്ചിട്ടുണ്ട്. പക്ഷേ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നാശം സംഭവിച്ച കൃഷിക്കാർക്ക് ഇനിയും ആശ്വാസ നടപടികൾ ലഭിച്ചിട്ടില്ല. അത് വളരെ വേഗം നൽകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. അതോടൊപ്പം അവിടെ വിത്തുതേങ്ങ ശേഖരിച്ചിട്ട് ഇതുവരെ കൃഷിക്കാർക്ക് അതിന്റെ വില ലഭിക്കാത്ത സാഹചര്യമുണ്ട്. കൃഷിക്കാർ സംഘടിതമായി കക്ഷി രാഷ്ട്രീയത്തിനതീതമായി കൃഷിക്കാർ എന്ന നിലയ്ക്ക് അവിടെയിപ്പോൾ ഒരു പ്രക്ഷോഭണത്തിലാണ്. റബ്ബറിന് വിലയില്ല, നാളികേരത്തിന്റെ വിലയാണെങ്കിൽ മൂന്നിലൊന്നായി കുറഞ്ഞ സാഹചര്യത്തിൽ, കൃഷിക്കാർ വളരെ പ്രയാസത്തിലാണ്. ശേഖരിച്ച വിത്തുതേങ്ങയുടെ പണം വളരെ വേഗം നൽകുകയും ഇതുമായി ബന്ധപ്പെട്ട് സത്വര നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജക മണ്ഡലത്തിലെ കാവിലുംപാറ, കായക്കൊടി, മരുതോങ്കര, വാണിമേൽ തുടങ്ങി വിവിധ പ്രദേശങ്ങളിൽ 2015 ഇടവപ്പാതിയിലുണ്ടായ കനത്ത മഴയിലും ചുഴലിക്കാറ്റിലും ഏകദേശം 391 കർഷകരുടെ 18.5 ഹെക്ടർ ഭൂമി അതായത് 46 ഏക്കർ പ്രദേശത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്. പ്രധാനമായും വാഴ, തെങ്ങ്, കമുമുളക്, പച്ചക്കറി, കവുങ്ങ് എന്നീ വിളകൾക്കാണ് നാശനഷ്ടമുണ്ടായത്. പ്രാഥമിക റിപ്പോർട്ട് പ്രകാരം 92 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു. നാശനഷ്ടമുണ്ടായ കർഷകരിൽനിന്നും ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിച്ച് ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉടൻതന്നെ നഷ്ടപരിഹാരം നൽകുന്നതാണ്. ഇതിലെ ഒരു പ്രധാനപ്പെട്ട കാരണമെന്ന് പറയുന്നത്, ഇതിന്റെ കേന്ദ്ര സഹായം കുറച്ചു, സംസ്ഥാന സർക്കാരുതന്നെ മുൻകയ്യെടുത്തുകൊണ്ട് ഇതിന് പ്രത്യേക സഹായം നൽകാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിത്തുതേങ്ങാ സംഭരണത്തെക്കുറിച്ചുള്ള കാര്യം മുൻകൂട്ടി എഴുതി തന്നതല്ല. വിത്തുതേങ്ങയ്ക്ക് 37 രൂപാക്രമത്തിൽ 2,19,556 തേങ്ങകൾ കഴിഞ്ഞ വർഷം സംഭരിച്ചു. 91.81 ലക്ഷം രൂപ, വിത്തുതേങ്ങ സംഭരിച്ചവകയിൽ കർഷകർക്ക് നൽകാൻ ബാക്കിയുണ്ട്. സംഭരിച്ച തേങ്ങയുടെ വില, കയറ്റിറക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൂലി ഇടങ്ങിയ അനുബന്ധ ചെലവുകൾ ഉൾപ്പെടെ റീ-അപ്രോപ്രിയേഷൻ വഴി കഴിഞ്ഞ വർഷം തുക കണ്ടെത്താൻ ശ്രമിച്ചിരുന്നെങ്കിലും ലഭിച്ചില്ല. ഈ വർഷത്തെ സംഭരണം നവംബർ-ഡിസംബർ മാസങ്ങളിലാണ് ആരംഭിക്കുന്നത്. ഈ വർഷം കോക്കനട്ട് ഡവലപ്മെന്റ് ബോർഡ് വഴി നടപ്പിലാക്കുന്നതിനുവേണ്ടി 3 ലക്ഷം രൂപ കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. വിത്തുതേങ്ങയുടെ വില ഡബ്ല്യു.സി.ടി. ഇനത്തിന് 37 രൂപയും ഹൈബ്രിഡ് ഇനത്തിന് 42 രൂപയുമാണ്. കർഷകർക്ക് നൽകാനുള്ള കുടിശ്ശിക തുകയായ 91.81 ലക്ഷം രൂപ നൽകുവാനുള്ള വിഷയം 23-7-2015-ന് ചേരുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുന്നതാണ്. വർക്കിംഗ് ഗ്രൂപ്പ് പാസ്സാക്കിയാലുടൻ തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

10. സ്പെഷ്യൽ നിയമനം

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ പോലീസ് സേനയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അതിനോടൊപ്പം ഈ വിഭാഗത്തിനെതിരെ നടക്കുന്ന അതിക്രമങ്ങളും പീഡനങ്ങളും മാവോയിസ്റ്റുകളുടെ കടന്നുകയറ്റവും തടയുന്നതിനും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്നാണ് ഞാനാവശ്യപ്പെടുന്നത്. ആദരണീയനായ ലീഡർ കെ. കരുണാകരൻ ഈ സഭയിൽ മുഖ്യമന്ത്രിയായിരിക്കുന്ന ഘട്ടത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ നടത്തി വിവിധ വകുപ്പുകളിലേക്ക് ആദിവാസികളായ ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ട്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുന്ന ഘട്ടത്തിൽ 300 ഫോറസ്റ്റ് ഗാർഡുമാരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കുകയുണ്ടായി. പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഈ കാലയളവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി 700 ഫോറസ്റ്റ് വാച്ചർമാരെ നിയമിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അന്ന് കെ.പി.സി.സി. പ്രസിഡന്റായിരുന്ന ഘട്ടത്തിൽ 'ഗാന്ധിഗ്രാമം' പദ്ധതിയിലൂടെ കോളനികളിൽ നേരിട്ടെത്തി പട്ടികവർഗ്ഗക്കാരുടെ ജീവിതരീതി മനസ്സിലാക്കിയ വ്യക്തിയാണ്. മാത്രമല്ല, വയനാട് ജില്ലയിലെ മാവോയിസ്റ്റുകളുടെ അതിപ്രസരവും കടന്നുകയറ്റവും ഉണ്ടായപ്പോൾ അദ്ദേഹം നേരിട്ടുതന്നെ ഈ കോളനികളൊക്കെ സന്ദർശിച്ച് ഇവരുടെ ജീവിതരീതികളും വികസനപ്രവർത്തനങ്ങളുമൊക്കെ വിലയിരുത്തിയിട്ടുണ്ട്. വളരെ വിദ്യാസമ്പന്നരായ, കഴിവുള്ള, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾ വയനാട്

LIBRARY ARCHIVES Kerala Legislative Assembly